തി മേലിൽ പ്രതീക്ഷിക്കുന്നതു് അസ്ഥാനത്തായിരിക്കും. ഈ പശ്ചാത്തലത്തിൽ ജൂൺ 25–ാം തീയതി നടന്ന കേന്ദ്ര മന്ത്രിസഭാ പുനസ്സംഘടനയുടെ ഭാഗമായി ഒരു സ്റ്റേററ് മിനിസ്റ്ററുടെ കീഴിൽ ഭക്ഷ്യസംസ്കരണ വ്യവസായങ്ങൾക്കായി ഒരു മന്ത്രാലയം പുതുതായി ആരംഭിച്ചിട്ടുള്ളതു് ഏററവും സ്വാഗതാർഹമായ ഒരു നീക്കമാകുന്നു.

കാർഷിക വിളകളുടെ എല്ലാ ഭാഗങ്ങളും പൂർണമായും ഉപയോഗപ്പെടുത്തുകയാണു കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മറെറാരു ഉപായം. ഇന്ത്യയിൽ ഇപ്പോൾ ആണ്ടുതോറും ഒമ്പതുകോടി ടൺ നെല്ലു വയ്ക്കോൽ ഉണ്ടാവുന്നതായി കണക്കാക്കിയിട്ടുണ്ടു്. ഇതിലൊരു ചെറിയ ഭാഗമേ കാലിത്തീററയായി ഉപയോഗിക്കപ്പെടുന്നുള്ളൂ. നെല്ലിന്റെ വയ്ക്കോൽ നല്ല കാലിത്തീററയല്ല; കാരണം, തിന്ന നെല്ലുവയ്ക്കോലിന്റെ മുപ്പത്തഞ്ചു ശതമാനത്തോളമേ കാലികൾക്കു ദഹിക്കൂ. പക്ഷേ, നെല്ലുവയ്ക്കോൽ ഗ്യാസ് ആക്കി മാററാം; അതുപയോഗിച്ചു പതിനായിരം കോടിമുതൽ പതിനയ്യായിരം കോടിവരെ യൂണിററ് വൈദ്യുതി ഉല്പാദിപ്പിക്കുകയും ചെയ്യാം. ഇന്ത്യയിൽ ഇപ്പോൾ നിർമിക്കുന്ന ആകെ വൈദ്യുതിയുടെ പകുതിയിലധികം വയ്ക്കോൽ ഗ്യാസ് ഉപയോഗിച്ചു നിർമിക്കാൻ സാധിക്കുമത്രേ. വളമായി ഉപയോഗിക്കാവുന്ന ദ്രവ അമോണിയ, മോട്ടോർ വാഹനങ്ങളിൽ പെട്രോളിനു പകരം ഉപയോഗിക്കാവുന്ന മെത്തനോൾ മുതലായവയും വൈക്കോൽ ഗ്യാസിൽനിന്നു് ഉണ്ടാക്കാവുന്നവയാണു്. ചുരുക്കത്തിൽ, നെല്ലിൽനിന്നു കിട്ടുന്ന വരുമാനത്തിനു പുറമെ വൈക്കോലിൽനിന്നും നല്ലൊരു വരുമാനം കർഷകനു കിട്ടിക്കൂടായ്കയില്ല. ഇതുപോലെ കരിമ്പിൻചണ്ടി ഉപയോഗിച്ചു കടലാസ്സുണ്ടാക്കുന്ന വ്യവസായം ഇന്ത്യയിൽ ഇപ്പോൾത്തന്നെ നിലവിലുണ്ടു്. എന്നാൽ, ഇന്ത്യയിൽ ആണ്ടുതോറും പഞ്ചസാര മില്ലുകളിൽനിന്നു പുറന്തള്ളപ്പെടുന്ന ഏഴു കോടിയോളം ടൺ കരിമ്പിൻചണ്ടിയിൽ വളരെ കുറച്ചു മാത്രമേ ഇപ്പോൾ കടലാസ്സായി മാറുന്നുള്ളു. കത്തിച്ചോ അല്ലാതെയോ കളയുന്ന കരിമ്പിൻചണ്ടിക്കൂടി കടലാസ്സാക്കി മാററാൻ നടപടികൾ ആരംഭിക്കാവുന്നതാണു്. അങ്ങനെ ചെയ്താൽ കരിമ്പു കർഷകരുടെ വരുമാനത്തിൽ നാല്പതുമുതൽ അറുപതുവരെ ശതമാനം വർദ്ധന ഉണ്ടാകുമെന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്. ബുദ്ധിപൂർവകമായ വനവല്ക്കരണമാണു് കർഷകരുടെ വരുമാന വർദ്ധനയ്ക്കു നിർദേശിക്കപ്പെടുന്ന മറെറാരു മാർഗം.

കേരളത്തിലും സർക്കാരിന്റെയും കർഷകരുടെയും ശ്രദ്ധ കാർഷികവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഇത്തരം പുതിയ പരിശ്രമങ്ങളിലേക്കു തിരിയേണ്ടിയിരിക്കുന്നു.

(4 ജൂലൈ, 1988)

# 34. മതവും രാഷ്ട്രീയവും

1988–ലെ മതസ്ഥാപന(ദുരുപയോഗനിരോധ)നിയമം പാർലമെന്റിന്റെ ഇരുമണ്ഡലങ്ങളും പാസ്സാക്കിക്കഴിഞ്ഞു. ആരാധനാലയങ്ങളെയും മതസ്ഥാപനങ്ങളെയും രാഷ്ട്രീയാവശ്യങ്ങൾക്കു ദുരുപയോഗപ്പെടുത്തുന്നതു തടയുകയെന്ന പരിമിതമായ ഉദ്ദേശ്യം മാത്രമേ ഈ നിയമത്തിനുള്ളുവെന്നും രാഷ്ട്രീയവും മതവും തമ്മിലുള്ള ബന്ധം പൂർണമായി വിച്ഛേദിക്കുന്നതിനു് സമഗ്രമായ ഒരു നിയമം പാർലമെന്റിലെ എല്ലാ കക്ഷികളുമായി ആലോചിച്ചു് പിന്നീടു തയ്യാറാക്കുന്നതാണെന്നും നിയമം സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തുകൊണ്ടു് ആഗസ്റ്റ് 11–ാം തീയതി ഗൃഹമന്ത്രി ബൂട്ടാസിംഹ് ലോക്സഭയിൽ പ്രസ്താവിക്കുകയു

ങ്ങളായി. രാജ്യസഭയിൽ ഈ നിയമത്തെപ്പററി ആഗസ്റ്റ് 16–ാംതീയതി സംസാരിച്ച ഗൃഹരാജ്യമന്ത്രി ചിദംബരം ആരാധനാലയങ്ങൾ കുററവാളികളുടെയും ഉഗ്രവാദികളുടെയും ദേശദ്രോഹികളുടെയും താവളങ്ങളും വെടിക്കോപ്പുസംഭരണശാലകളും ആയി മാറുന്നതിലും വിശ്വാസപ്രചാരണത്തിനുവേണ്ടി സംഭരിച്ച പണം രാഷ്ട്രീയോദ്ദേശ്യങ്ങൾക്കു വക മാറി ചെലവുചെയ്യുന്നതിലും ആശങ്ക പ്രകടിപ്പിച്ചു. മതസ്ഥാപനങ്ങളിൽ ആയുധം സൂക്ഷിക്കുന്നതും ആയുധധാരികൾ അവയിൽ പ്രവേശിക്കുന്നതും മതസ്ഥാപന(ദുരുപയോഗനിരോധ)നിയമപ്രകാരം കുററങ്ങളാണ്. മതസ്ഥാപനങ്ങളുടെ ധനം രാഷ്ട്രീയപ്പാർട്ടികൾക്കു വേണ്ടിയോ രാഷ്ട്രീയ ഉദ്ദേശ്യങ്ങൾക്കോ ചെലവഴിക്കുന്നതും നിരോധിക്കപ്പെട്ടിട്ടുണ്ട്. ഈ കുററങ്ങൾ ശിക്ഷാർഹങ്ങളാണ്. അവ ചെയ്തതിനു ശിക്ഷിക്കപ്പെട്ടവർ ശിക്ഷ കഴിഞ്ഞാലും പിന്നീട് ആറു വർഷത്തേക്കു മതസ്ഥാപനങ്ങളിൽ ജോലികൾക്ക് അനർഹരായിരിക്കും.

പല മതങ്ങളിൽ വിശ്വസിക്കുന്നവർ നിവസിക്കുന്ന രാജ്യമാണ് ഭാരതം. ഏതു മതവിഭാഗത്തിൽ ചേർന്നവരായാലും ഇന്ത്യക്കാരുടെ ജീവിതത്തിൽ മതത്തിനു മറെറന്തിനെക്കാളും കൂടുതൽ സ്വാധീനമുണ്ട്. ഇന്ത്യക്കാരുടെ ജീവിതവീക്ഷണത്തെ രൂപപ്പെടുത്തുന്നതിൽ ഇപ്പോഴും മുഖ്യമായ പങ്ക് മതത്തിനു തന്നെ. ഗുണത്തിനായാലും ദോഷത്തിനായാലും ഇനിയും വളരെ കാലത്തേക്ക് ഇന്ത്യക്കാരുടെ മാനസികഘടനയുടെ രൂപവൽക്കരണത്തിൽ മതങ്ങൾ നിർണായകമായ സ്ഥാനം വഹിക്കും. പൊതുജീവിതത്തിൽനിന്നു മതത്തെ തികച്ചും ഒഴിച്ചുനിർത്തുവാൻ ഇന്ത്യക്കാർക്കു സാധിക്കാത്തതിൽ ആശ്ചര്യത്തിന് അവകാശമില്ല.

ജനാധിപത്യാധിഷ്ഠിതമായ ഭരണരീതിയാണ് സ്വതന്ത്രഭാരതം അംഗീകരിച്ചിട്ടുള്ളത്. ജനങ്ങളിൽ വളരെ വലിയ ഭൂരിപക്ഷം ഹിന്ദുക്കളാണെങ്കിലും ഇന്ത്യൻരാഷ്ട്രം മതനിരപേക്ഷം ആയിരിക്കുമെന്ന് നമ്മുടെ ഭരണഘടനയുടെ ആദ്യത്തെ വാക്യം അനുശാസിക്കുന്നു. ഭരണഘടനയുടെ ദൃഷ്ടിയിൽ 'മതനിരപേക്ഷത' (സെക്യുലറിസം) എന്നതിന് അർത്ഥം നിയമത്തിന്റെ മുമ്പിൽ എല്ലാ പൗരന്മാർക്കും സമത്വം എന്നാണ്. വിദ്യാഭ്യാസം, തൊഴിൽ എന്നീ രംഗങ്ങളിൽ അവസരസമത്വം എന്നാണ്. പൗരന്മാർക്കിടയിൽ മത–ജാതി–അധിഷ്ഠിതങ്ങളായ ഉച്ചനീചത്വങ്ങൾ ഉണ്ടായിക്കൂടാ എന്നാണ്. ഈ പരിമിതമായ അർത്ഥത്തിൽ മതനിരപേക്ഷത ഇതിനകം ഏറെക്കുറെ നാം നേടിക്കഴിഞ്ഞിട്ടുമുണ്ട്.

എന്നാൽ, ഭരണഘടന അടക്കമുള്ള നിയമപുസ്തകങ്ങളുടെ താളുകൾ വിട്ട് ജീവിതത്തിന്റെ യഥാർത്ഥ മേഖലകളിലേക്കു കടക്കുമ്പോൾ ചിന്തയുടെയും വികാരത്തിന്റെയും സ്രോതസ് എന്ന നിലയിൽ മതനിരപേക്ഷത മിക്ക ഭാരതീയരും നേടിക്കഴിഞ്ഞിട്ടില്ലെന്നു കാണാം. മററുള്ളവരെ മനുഷ്യരോ പൗരരോ ആയി കാണുന്നതിനു പകരം പ്രത്യേക ജാതികളിലോ മതങ്ങളിലോ ഉൾപ്പെട്ടവരായി കാണാനുള്ള ശീലം നമ്മളിൽ ഇപ്പോഴും രൂഢമൂലമാണ്. ജാതികളെയും മതങ്ങളെയും പററി നമുക്ക് ഉറച്ച മുൻധാരണകളുണ്ട്. ഈ ധാരണകൾക്ക് വാസ്തവവുമായി പൊരുത്തമുണ്ടോ എന്നു നാം അന്വേഷിക്കാറില്ല. ഇക്കാരണത്താൽ ജാതികളും മതങ്ങളും സഹജമായിത്തന്നെ നമ്മുടെ രാഗദ്വേഷങ്ങളെ ഉണർത്തുന്നു. 'കുടലിന്റെ പ്രതികരണങ്ങൾ' എന്നു വിളിക്കാവുന്ന ഈ രാഗദ്വേഷങ്ങൾ യുക്തിസംഗതങ്ങളാണോ എന്നു പരിശോധിക്കാൻ നാം മിക്കപ്പോഴും സന്നദ്ധരല്ല.

ജനാധിപത്യത്തിൽ അധികാരത്തിലേക്കുള്ള വഴി വോട്ടുകളിൽക്കൂടിയാണല്ലോ. ജാതികളും മതങ്ങളും ഉണർത്തുന്ന രാഗദ്വേഷങ്ങളെ വോട്ടു നേടുന്നതിനുള്ള ഉപകരണങ്ങളായി ഉപയോഗപ്പെടുത്താമെന്ന് നമ്മുടെ രാഷ്ട്രീയപ്രവർത്തകർ സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ കണ്ടറിഞ്ഞിരുന്നു. പല സ്ഥാനാർത്ഥികൾ മത്സരിക്കുന്ന നിയോജകമണ്ഡലങ്ങളിൽ ജാതി–മത ന്യൂന

പക്ഷങ്ങളുടെ വോട്ടിനു പ്രത്യേകം പ്രാധാന്യമുണ്ട്. എണ്ണത്തിൽ കുറവെങ്കിലും വിജയത്തെ സംബന്ധിച്ചിടത്തോളം അവ പലപ്പോഴും നിർണായകങ്ങളായിത്തീരുന്നു. അതിനാൽ ജാതി–മത–ന്യൂനപക്ഷങ്ങളെ പ്രീണിപ്പിക്കുകയെന്നതു് രാഷ്ട്രീയകക്ഷികളുടെ ഒഴിച്ചുകൂടാനാവാത്ത കടമയായിത്തീർന്നു. കേരളത്തിൽ അധികാരത്തിലെത്തുന്നതിനു് മുസ്ലിം വോട്ടുകൾ മൊത്തമായി നേടുന്നതു് ആവശ്യമാണെന്നു് ഇപ്പോഴും കണക്കാക്കപ്പെടുന്നുണ്ട്. മൊത്തമായി മുസ്ലിം വോട്ടുകൾ വാരിക്കൂട്ടാൻ കഴിവു് മുസ്ലിം ലീഗിനു മാത്രമാണെന്നും കരുതപ്പെടുന്നു. ഇന്ത്യയിലെ ഏററവും വലിയ സ്റ്റേററ് ആയ ഉത്തരപ്രദേശിൽ അധികാരം നിലനിർത്തുന്ന കോൺഗ്രസ് പാർട്ടിക്കു് ഇതിനു മുമ്പിലത്തെ തെരഞ്ഞെടുപ്പിൽ കിട്ടിയതു് ആകെ പോൾ ചെയ്ത വോട്ടിന്റെ നാല്പത്തിരണ്ടു ശതമാനം മാത്രമായിരുന്നു. ഉത്തരപ്രദേശിൽ പതിനഞ്ചു ശതമാനം വോട്ടർമാർ മുസ്ലിങ്ങളാകുന്നു. ഈ ചുററുപാടിൽ ഉത്തരപ്രദേശിലെ രാഷ്ട്രീയകക്ഷികൾ മുസ്ലിം വോട്ടുകൾ മൊത്തമായി നേടുന്നതിനുവേണ്ടി ഏതു് അററം വരെ പോകുന്നതിനും തയ്യാറാവുന്നതിൽ എന്താണു് അത്ഭുതം? ബാംഗ്ലാദേശിൽനിന്നു് അനധികൃതമായി കുടിയേറിയ മുസ്ലിങ്ങളുടെ പൗരത്വത്തെച്ചൊല്ലി ഉണ്ടായതായിരുന്നു അസമിലെ പ്രതിസന്ധി. അവരുടെ വോട്ടു് മൊത്തമായി നേടാനുള്ള നിരന്തര പരിശ്രമമാണു് കോൺഗ്രസ്സിനു് അസമിൽ ജനപ്രീതി നഷ്ടപ്പെടുത്തിയതു്.

ജാതി–മത ന്യൂനപക്ഷങ്ങളുടെ വോട്ടു് മൊത്തമായി നേടുന്നതിനുള്ള വെപ്രാളം ചെന്നെത്തുന്നതു് ജാതിചിന്തയെയും മതഭ്രാന്തിനെയും പ്രോത്സാഹിപ്പിക്കുന്നതിലും ജാതികളെയും മതങ്ങളെയും ഇവയുടെ അവാന്തരവിഭാഗങ്ങളെയും തമ്മിലടിപ്പിക്കുന്നതിലും വെള്ളം ചോർന്നു കടക്കാത്ത മുറികളിൽ ജാതികളെയും മതങ്ങളെയും ഇവയ്ക്കിടയിലെ ഉൾപ്പിരിവുകളെയും തളച്ചിടുന്നതിലും ആയിരിക്കുമെന്നു് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിൽ രാഷ്ട്രീയകക്ഷികൾ ഇതുവരെ ചെയ്തുവന്നതു് ഇതാണ്. തെററാണു ചെയ്യുന്നതെന്ന ബോധം ഉണ്ടെങ്കിലും തൽക്കാലത്തെ കാര്യസാധ്യത്തിനുവേണ്ടി എല്ലാ രാഷ്ട്രീയകക്ഷികളും ഇപ്പോഴും ഇതുതന്നെ ചെയ്യുന്നു.

അകാലിപാർട്ടിയിലൂടെ സംഘടനാരൂപം ആർജിച്ച സിഖ് വർഗീയവാദത്തെ കൂടുതൽ ശക്തിയുള്ള വർഗീയവാദംകൊണ്ടു് തോല്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ കേന്ദ്രത്തിൽ അധികാരം പുലർത്തുന്ന കോൺഗ്രസ് പാർട്ടി പ്രവർത്തിച്ചതിന്റെ ഫലമായിരുന്നു ഭിൻഡ്രാൻവാലയെന്ന പ്രതിഭാസം എന്ന ആരോപണം ഉണ്ടായിട്ടുണ്ട്. ഗുരുദ്വാരകളെ ആസ്ഥാനമാക്കി സിഖ് ഉഗ്രവാദം സംഘടിപ്പിക്കപ്പെട്ടതു് ഈ സാഹചര്യത്തിലായിരുന്നു. ഇപ്പോഴും ഭാരതത്തിന്റെ അഖണ്ഡതയെ നേരിടുന്ന ഏററവും വലിയ വെല്ലുവിളി സിഖ് ഉഗ്രവാദംതന്നെ.

പിന്നോക്കം നിൽക്കുന്ന ജാതിക്കാരുടെ വോട്ടുകൾ മൊത്തമായി നേടുന്നതിനുവേണ്ടി സർക്കാർ ഉദ്യോഗങ്ങളിലെ സംവരണസമ്പ്രദായത്തെ റിക്രൂട്ട്മെന്റിൽനിന്നു പ്രൊമോഷനിലേക്കു സംക്രമിപ്പിച്ചതിന്റെ ഫലമായിരുന്നു ഗുജറാത്തിൽ നെടുനാൾ നീണ്ടുനിന്ന അരാജകാവസ്ഥ. ഈ അരാജകാവസ്ഥയുടെ പശ്ചാത്തലത്തിൽ ഗുജറാത്തിൽ ഉടനീളം ഉഗ്രങ്ങളായ ഹിന്ദു–മുസ്ലിം സംഘട്ടനങ്ങൾ നടക്കുകയുണ്ടായി.

'രാമജന്മഭൂമി' എന്നു ഹിന്ദുക്കളും 'ബാബറി മസ്ജിദ്' എന്നു മുസ്ലിങ്ങളും വിളിക്കുന്ന അയോധ്യയിലെ ചെറുപള്ളിയുടെ ഉടമ സംബന്ധിച്ച ലളിതമായ നിയമപ്രശ്നം നാലു പതിററാണ്ടുകളോളമായി പരിഹരിക്കപ്പെടാതെ കിടക്കുന്നതിനുള്ള കാരണമന്വേഷിച്ചു ചെന്നാൽ നാമെത്തുക രണ്ടു മതവിഭാഗങ്ങളുടെയും മൊത്ത വോട്ടുകൾ നഷ്ടപ്പെടുത്താതിരിക്കാനുള്ള ഭരണകക്ഷിയുടെ ഉത്കണ്ഠയിലാണു്. പ്രാദേശികമായ ഈ പ്രശ്നം ഇപ്പോൾ രാഷ്ട്രവ്യാപകമായ മന്ദിർ–മസ്ജിദ് തർക്കം ആയി വളർന്നിരിക്കുന്നു. മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന പശ്ചിമബംഗാളിലെ മുർഷിദാബാദിലും പരിസരങ്ങളിലും ഈയി

ടെ ഈ തർക്കം വമ്പിച്ച ഹിന്ദു—മുസ്ലീം ലഹളകൾക്ക് കാരണമായി. ഈ തർക്കത്തിന്റെ പശ്ചാത്തലത്തിൽ ഹിന്ദു—മുസ്ലീം—മതമൗലികവാദം ഇന്ത്യയിലൊട്ടാകെ പ്രത്യേകിച്ചും ബാംഗ്ലാദേശിനും പാകിസ്ഥാനും തൊട്ടുകിടക്കുന്ന ഇന്ത്യയുടെ അതിർത്തിപ്രദേശങ്ങളിൽ അതിവേഗത്തിൽ ശക്തിയാർജിച്ചു വരികയാണെന്ന് പത്രറിപ്പോർട്ടുകളിൽ കാണുന്നു. ഇതിന്റെ ഫലം എന്തായിരിക്കുമെന്നു കണ്ടുതന്നെ അറിയണം.

ഇന്ത്യൻ ജനാധിപത്യത്തിൽ വോട്ട് പിടിക്കുന്നതിനുവേണ്ടി പാർട്ടികൾ ജാതി—മത—വർഗസംഘടനകളെ കൂട്ടുപിടിക്കുകയും ജാതി—മത—വർഗവൈരം വളർത്തുകയും ചെയ്യാൻ സാധ്യതയുണ്ടെന്നു നമ്മുടെ ഭരണഘടന തയ്യാറാക്കിയവർ കരുതിയിരുന്നു. ഭരണഘടനാനിർമാണസഭ (കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ലി) 1948 ഏപ്രിൽ 3—ാം തീയതി താഴെ ചേർക്കുന്ന പ്രമേയം പാസ്സാക്കുകയുണ്ടായി:

'ജനാധിപത്യത്തിന്റെ ശരിയായ പ്രവർത്തനത്തിനും നടത്തിപ്പിനും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും വളരുന്നതിനും ഇന്ത്യൻ ജീവിതത്തിൽനിന്ന് വർഗീയവാദം (കമ്യൂണലിസം) ഉന്മൂലനം ചെയ്യുന്നത് അനുപേക്ഷണീയമാകുന്നു. അതിനാൽ, ഭരണഘടനപ്രകാരമോ ഭാരവാഹികളിലോ ഘടകങ്ങളിലോ നിക്ഷിപ്തമായ വിവേചനാധികാരത്തിന്റെ പ്രയോഗത്തിലൂടെയോ മതത്തിന്റെയും വർഗത്തിന്റെയും ജാതിയുടെയും അടിസ്ഥാനത്തിൽ വ്യക്തികളെ അംഗങ്ങളായി ചേർക്കുകയോ ചേർക്കാതിരിക്കുകയോ ചെയ്യുന്ന വർഗീയസംഘടന(കമ്യൂണൽ ഓർഗനൈസേഷൻ)കളെ സമൂഹത്തിന്റെ മതപരവും സാംസ്കാരികവും സാമൂഹ്യവുമായ യഥാർത്ഥ ആവശ്യങ്ങൾക്കുവേണ്ടിയുള്ളവയല്ലാത്ത ഏതു തരം പ്രവർത്തനങ്ങളിലും ഏർപ്പെടുവാൻ അനുവദിച്ചുകൂടെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു. ഇത്തരം സംഘടനകളുടെ ആമാതിരി പ്രവർത്തനങ്ങൾ തടയുന്നതിന് നിയമനിർമാണപരവും ഭരണപരവുമായി ആവശ്യമുള്ള എല്ലാ നടപടികളും കൈക്കൊള്ളേണ്ടതാണ്.' അനന്തശയനം അയ്യങ്കാർ അവതരിപ്പിച്ച ഈ പ്രമേയം പിൻതാങ്ങിക്കൊണ്ട് ജവാഹർലാൽ നെഹ്റു പറഞ്ഞു: 'സാമുദായികവാദത്തിന്റെ രൂപത്തിലുള്ള മത—രാഷ്ട്രീയ കൂട്ടുകെട്ട് ഏററവും ആപൽക്കരമായ ഒരു കൂട്ടുകെട്ടായിരിക്കും. ഇതു നാം മനസ്സിൽ വ്യക്തമായി ധരിക്കണം. രാഷ്ട്രവും വ്യക്തമായി ധരിക്കണം. മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും കൂട്ടുകെട്ടിൽനിന്നു പിറക്കുക അതിബീഭത്സമായ ഒരു തന്തയില്ലാപ്പടപ്പ് ആയിരിക്കും.'

ഭരണഘടനാ നിർമാണസഭ അംഗീകരിച്ച ഈ പ്രമേയം അന്നു ഭരണഘടനയിൽ ഉൾക്കൊള്ളിക്കുകയോ പിന്നീട് നിയമനിർമാണത്തിലൂടെ കേന്ദ്ര ഗവണ്മെൻറ് നടപ്പിൽവരുത്തുകയോ ചെയ്തിരുന്നുവെങ്കിൽ ഇന്ത്യയിലെ സാമുദായിക അന്തരീക്ഷം മററു വിധത്തിലാകുമായിരുന്നു. സിഖ് വിഘടനവാദമോ നിരന്തരമായ ഹിന്ദു—മുസ്ലീം സംഘർഷാവസ്ഥയോ നമ്മുടെ പുരോഗതിയെ തടയുകയും സുരക്ഷിതത്വത്തെ ഭീഷണിപ്പെടുത്തുകയും ഒരു രാഷ്ട്രമെന്ന നിലയിൽ നമ്മെ ലോകസമക്ഷം നാണംകെടുത്തുകയും ചെയ്യുമായിരുന്നില്ല.

ഈ പ്രമേയം അനുസരിച്ചുള്ള നിയമനിർമാണപരവും ഭരണപരവുമായ നടപടികൾ കൈക്കൊള്ളാൻ കേന്ദ്രഗവണ്മെൻറിന് ഉദ്ദേശ്യമുണ്ടെന്നാണോ ലോക്സഭയിൽ ബൂട്ടാസിംഹിന്റെയും രാജ്യസഭയിൽ ചിദംബരത്തിന്റെയും പ്രസ്താവനകളിൽനിന്നു നാം മനസ്സിലാക്കേണ്ടത്? അങ്ങനെയാണെങ്കിൽ അതൊരു ആശാവഹമായ കാൽവെപ്പായിരിക്കും. പാർട്ടി ഭേദമെന്യേ ഇന്ത്യയിലെ ഉദ്ബുദ്ധമായ പൗരസഞ്ചയത്തിന്റെ മുഴുവൻ പിന്തുണ ആ നീക്കത്തിനു് ഉണ്ടാവേണ്ടതാണ്.

(29 ആഗസ്റ്റ്, 1988)